# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം : 7769** **23.07.2012 ൽ മറുപടിക്ക്**

**ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തുന്ന പ്രോജക്ടുകളുടെ എണ്ണം**

| | ചോദ്യം | ഉത്തരം |
|---|---|---|
| | ശ്രീ. എം.ഉമ്മർ | ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പു മന്ത്രി<br>ശ്രീ. കെ.എം. മാണി. |
| എ. | എം.എൽ.എ. മാരുടെ ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തുന്ന പ്രോജക്റ്റുകളുടെ എണ്ണം അഞ്ചിൽ നിന്നും വർദ്ധിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; | പരിഗണനയിലുണ്ട്. |
| ബി. | ഈ ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | പ്രോജക്റ്റുകളുടെ എണ്ണം പത്തായി വർദ്ധിപ്പിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ചില എം.എൽ.എ. മാരിൽ നിന്നും നിവേദനം ലഭിച്ചിട്ടുണ്ട്. |
| സി. | ഏതെല്ലാം തരത്തിലുള്ള വികസന പ്രവർത്തനങ്ങളാണ് സർക്കാർ ഇതുകൊണ്ടുദ്ദേശിക്കുന്നത്; വിശദവിവരം പട്ടിക തിരിച്ച് ലഭ്യമാക്കാമോ? | ഓരോ നിയോജക മണ്ഡലത്തിലും പശ്ചാത്തല സൗകര്യ വികസനത്തിന് വേണ്ട തുക ലഭ്യമാക്കാനാണ് ഈ പദ്ധതിയുടെ ലക്ഷ്യം. വിദ്യാഭ്യാസം, ആരോഗ്യം, ജല വിതരണം, ശുചിത്വം, റോഡുകൾ, പാലങ്ങൾ, കൃഷി, മൃഗ സംരക്ഷണം തുടങ്ങിയ മേഖലയ്ക്ക് ഊന്നൽ നൽകിയുള്ള പ്രവൃത്തികൾക്ക് പ്രാധാന്യം നൽകണമെന്നാണ് ഉദ്ദേശിക്കുന്നത്. |

അക്കൗണ്ട്സ് ഓഫീസർ